മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അതുമാതിരി ഇന്ന നെടിയരിയുടേതിനേക്കാൾ പൊടിയരിയുടെ വില കുറച്ചു വില്ക്കാൻ സാധിക്കുകയില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇന്ന അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ല. നമുക്ക് കിട്ടുന്ന പൊടിയരിയുടേയും, നെടിയരിയുടേയും വിലക്ക വലിയ വ്യത്യാസമില്ല. അതു കൊണ്ട് പൊടിയരി വിലകുറച്ചു വിറ്റാൽ വലിയ നഷ്ടം വരുന്നതുകൊണ്ട് ഇപ്പോൾ അങ്ങിനെ ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. യു. നാരായണൻ: പൊടിയരി ഇതിലും നന്നാക്കാൻ സാധിക്കുകയില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു ഒരു കംപാരറ്റീവ് ടേം (Comparative term) ആണ്. ഇപ്പോൾ നന്നാക്കിത്തന്നെയാണ് വിതരണം ചെയ്യുന്നതു്.

മിസ്റ്റർ ടി. പി. സീതാരാമൻ: പൊടിയരിയും, നെടിയരിയും എന്തുതോതിലാണ് വിതരണം ചെയ്യുന്നതെന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നെടിയരിയുടെ എട്ടിൽ ഒരു ഭാഗാണ് ഇപ്പോൾ പൊടിയരി കൊടുക്കുന്നതു്. അതായതു ആഴ്ചകാർഡുകാക്ക ആഴ്ചയിൽ ഒരു ദിവസത്തേയ്ക്ക പൊടിയരിയാണ്.

മിസ്റ്റർ ടി. പി. സീതാരാമൻ: എല്ലാ താലൂക്കിലും അങ്ങിനെയാണോ കൊടുക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചിറ്റൂർ താലൂക്കിലൊഴികെ മറ്റെല്ലാ താലൂക്കിലും ഒരേ തോതിലാണ് കൊടുക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: നമുക്ക് നെടിയരി കിട്ടണമെങ്കിൽ പൊടിയരിയും വാങ്ങിക്കണമെന്നു് നിബ്ബന്ധമുള്ളതുകൊണ്ടല്ലേ ഈ പരാതിക്കിടവരുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അരിവാങ്ങുന്നകാര്യത്തിൽ ഇന്ത്യാഗവണ്മെണ്ടു തരുന്നതു വാങ്ങുകയേ നിവൃത്തിയുള്ളു. അതു ഭക്ഷണത്തിനു പറ്റിയതല്ലെങ്കിൽ മടക്കിക്കൊടുക്കാമെന്നല്ലാതെ നമുക്ക നെടിയരിയേ വേണ്ട, പൊടിയരി വേണ്ട എന്നു പറയാൻ നിവത്തിയില്ല.

മിസ്റ്റർ സി. യു. നാരായണൻ: ഇപ്പോൾ കിട്ടുന്ന പൊടിയരി ഭക്ഷണത്തിനു യോഗ്യമാണെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചില രാജ്യങ്ങളിൽ, ഇൻഡൊ ചൈനയിലും മറ്റും അതുരു വിശേഷതരം അരിയായിട്ടാണ് കണക്കാക്കിവരുന്നതു്. അവിടങ്ങളിൽ ആ അരിക്കു കൂടുതൽ വിലയും കൊടുക്കണം. നമുക്ക അതു ശീലമില്ലാത്തതുകൊണ്ടാണ് പറ്റാത്തതായി തോന്നുന്നതു്. അതു ഓരോരുത്തരുടേയും ഹാബിറ്റ് (Habit) അനുസരിച്ചിരിക്കും.

മിസ്റ്റർ ഇട്ടൂര അയ്യക്കൻ: പൊടിയരി എവിടെ നിന്നാണ് വരുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു പക്കിസ്ഥാനിൽ നിന്നാണ്.

മിസ്റ്റർ മുഹമ്മദ് അയൂബ് സേട്ട്: എല്ലാ താലൂക്കുകളിലും പൊടിയരി കൊടുക്കാത്തതുകൊണ്ട് പനിയുള്ള ദിക്കുകളിൽ പൊടിയരി കിട്ടുന്നില്ലെന്ന വല്ലആക്ഷേപവും ഉള്ളതായി അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആക്ഷേപം ഉള്ളതായി അറിയുന്നില്ല. പനിയുള്ള ദിക്കുകളിലേക്ക് പ്രത്യേകം കൊടുക്കുവാൻ വിരോധമില്ല.

RETIRING OFFICERS IN 1124—LIST FURNISHING OF

164. (83) Dr. (Mrs.) T. Francis *(Ernakulam-Women)*: Will Government be pleased to state.—

(*a*) the number of officers who have to retire from their offices in 1124 on account of superannuation;

(*b*) their names and the offices they hold at present?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) 161.

(*b*) A list of officers who have to retire from service in the year 1124 has been published at pages 26—29 of Part I of the Cochin Government Gazette, dated 12th Chingam 1124/ 28th August 1948. A copy of the list is also placed on the Assembly table.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: സർ, റിട്ടയർ ചെയ്യാൻ പോകുന്ന ഫസ്റ്റ് ക്ലാസ് ഓഫീസർമാർ ഉണ്ടല്ലോ, ഇവരുടെ എല്ലാം പോസ്റ്റുകൾ അത്യന്താപേക്ഷിതമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരുടെ പോസ്റ്റ് ആവശ്യമില്ലാത്തതുകൊണ്ട് റിട്ടയർ ചെയ്യുന്നതല്ല. അവർ സർവ്വീസിൽ നിന്നും സൂപ്പറാനുവേഷൻ (Superannuation) ആയി റിട്ടയർ ചെയ്യുകയാണ്.

ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: ഇതിൽ റിട്രെഞ്ച്മെന്റ് വരുത്താൻ തക്ക പോസ്റ്റുകൾ ഇല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടിസ്സ് വേണം.

FERRY TRANSPORT SERVICE—ACCOUNTS REGARDING

165. (336) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗവണ്മെന്റ് ദയവായി മറുപടി പറയുമോ.—

(എ) ഫെറി ആൻറ് ട്രാൻസ്പോർട്ട് സർവ്വീസിലെ ഫ്രീഡം പാസ്സിലെ വരവു ചിലവ് എത്ര;

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) വരവ് ക. ഫ, ഴ ഠ, വ ഡ ൻ — ഫ ഡ — ന.
ചിലവ് ക. ഫ, ര ൻ, ഡ ഴ — ഫ ഫ — ൻ.

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടില്ല. എന്നാൽ മാസപാസ്സുകൾക്ക് താഴെ വിവരിക്കുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

	ഇപ്പോഴത്തെ നിരക്ക്			പഴയ നിരക്ക്		
		എറണാകുളം—മട്ടാഞ്ചേരി				
	ക.	ണ.	സ.	ക.	ണ.	സ.
ഫസ്റ്റ് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
ഡെക്ക് ക്ലാസ്സ്	ഉ	ഠ	ഠ	ര	ഠ	ഠ
		ഹാർബർ—മട്ടാഞ്ചേരി				
ഫസ്റ്റ് ക്ലാസ്സ്	ര	ഠ	ഠ		ഇല്ല	
ഡെക്ക് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
		എറണാകുളം—വെണ്ടുരുത്തി ഡീപ്				
ഫസ്റ്റ് ക്ലാസ്സ്	ഉ	ഠ	ഠ		ഇല്ല	
ഡെക്ക് ക്ലാസ്സ്	ന	വ	ഠ	ന	വ	ഠ
		എറണാകുളം—കസ്റ്റംസ്				
ഫസ്റ്റ് ക്ലാസ്സ്	ന	ഠ	ഠ		ഇല്ല	
ഡെക്ക് ക്ലാസ്സ്	ര	വ	ഠ	ര	വ	ഠ
സെക്കന്റ് ക്ലാസ്സ്	ന	ഠ	ഠ	ന	വ	ഠ

Mr. President: Qustion No. 166 also relates to the same subjcet.

FERRY SERVICE—INCOME AND EXPENDITURE OF

166. (151) **Mr. K. W. Muralidhara Marar** *(Trippunithura):* Will Government be pleased to state.—

what has been the income and expenditure of the Government from the ferry service since nationalisation?

Mr. K. Ayyappan *(Minister for Works and Revenue):*

Total receipts Rs. 1,70,829—12—6. Total expenditure Rs. 1,49,277—11—9.

മിസ്റ്റർ എം. ഐ. പോൾ: ഈ ചിലവു കാണിച്ചിട്ടുള്ളതിൽ ബോട്ടുകൾ വാങ്ങിച്ചിട്ടുള്ളതിന്റെ വിലയും ഉൾപ്പെട്ടുകയില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ചിലവു എന്നു പറയുന്നതു റണ്ണിങ്ങ് എക്സ്പെൻസസ്സ് (Running expenses) മാത്രമാണ്.

മിസ്റ്റർ സി. യു. നാരായണൻ: അതിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ് (Establishment charges) പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly